പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3392 14.3.2018 ൽ മറുപടിയ്ക്ക്

## ഭിന്നശേഷിയുള്ളവർക്കായി പദ്ധതികൾ

ചോദ്യം മറുപടി

ശ്രീ.പി.കെ.ബഷീർ

ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിന് കീഴിൽ ഭിന്നശേഷിയുള്ളവർക്കായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; വിശദാംശം വെളിപ്പെടുത്തുമോ; | (എ) ഭിന്നശേഷിയുള്ളവർക്കായി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:-<br>1. കാഴ്ചവൈകല്യമുള്ള അഡ്വക്കേറ്റമാർക്കുള്ള റീഡേഴ്സ് അലവൻസ്<br>2. അംഗപരിമിത വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്<br>3. കാഴ്ചവൈകല്യമുള്ള അമ്മമാർക്കുള്ള ധനസഹായം<br>4. വികലാംഗ ദുരിതാശ്വാസ നിധി ചികിത്സാ ധനസഹായം<br>5. വികലാംഗരായ മാതാപിതാക്കളുടെ പെൺമക്കൾക്ക്/വികലാംഗരായ പെൺകുട്ടികൾക്ക് വിവാഹ ധനസഹായം<br>6. വികലാംഗർക്ക് വിദൂര വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ്<br>7. ഭിന്നശേഷിക്കാർക്ക് തുല്യതാ പരീക്ഷ എഴുതുന്നതിന് ധനസഹായം<br>8. വിദ്യാജ്യോതി<br>9. കിടപ്പ് രോഗികളെ ശുശ്രൂഷിക്കുന്ന രക്ഷകർത്താക്കൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് ഒറ്റത്തവണ ധനസഹായം നൽകുന്ന പദ്ധതി-സ്വാശ്രയ<br>10. വിദ്യാകിരണം-അംഗപരിമിതരായ രക്ഷകർത്താക്കളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി |

11. സഹായ ഉപകരണ വിതരണ പദ്ധതി
12. വ്യക്തിഗത പരിപാലന പദ്ധതി
13. തൊഴിൽപരിശീലന കേന്ദ്രങ്ങൾ
14. വൈകല്യമുള്ളവർക്കായുള്ള സർക്കാർ സ്ഥാപനങ്ങൾ

കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ ഭിന്നശേഷിക്കാർക്കായി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:-

1. ഭിന്നശേഷിയുള്ളവർക്ക് ആവശ്യമായ ട്രൈസൈക്കിൾ, വീൽ ചെയർ, കൃത്രിമക്കൈകാലുകൾ, വാക്കർ, ക്രച്ചസ്, കണ്ണട, ശ്രവണ സഹായി തുടങ്ങിയ സഹായ ഉപകരണങ്ങളുടെ സൗജന്യ വിതരണം
2. ഭിന്നശേഷിയുള്ളവർക്ക് വേണ്ട ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽ ചെയർ, ലാപ് ടോപ് തുടങ്ങിയ ആധുനിക ഉപകരണ വിതരണം മാനദണ്ഡങ്ങൾക്ക വിധേയമായി
3. സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വിതരണം മാനദണ്ഡങ്ങൾക്ക വിധേയമായി
4. അംഗവൈകല്യമുള്ളവർക്കുള്ള സ്കൂട്ടറിൽ സൈഡ് വീൽ ഘടിപ്പിക്കുന്നതിന് സബ്സിഡി
5. നാഷണൽ ഹാൻറിക്യാപ്ഡ് ഫിനാൻസ് ആന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ വഴിയുള്ള സ്വയംതൊഴിൽ വായ്പ/ വിദ്യാഭ്യാസ വായ്പ
6. സ്വയം തൊഴിലിനുള്ള ബാങ്ക് ലോൺ സബ്സിഡി
7. ബി.പി.എൽ. വിഭാഗത്തിന് എൻ.എച്ച്.എഫ്.ഡി.സി വായ്പാ സബ്സിഡി
8. ഗുരുതരമായ വൈകല്യം ബാധിച്ച കുട്ടികൾക്ക് സ്ഥിരനിക്ഷേപ പദ്ധതി
9. സ്വയം സഹായ സംഘങ്ങളെ പ്രോത്സാഹിപ്പിക്കൽ
10. വികലാംഗ സൗഹൃദ സാങ്കേതിക പ്രദർശനവും പരിശീലന കേന്ദ്രവും.

11. വികലാംഗരായ വയോജനങ്ങൾക്കു വേണ്ടിയുള്ള വൃദ്ധ സദന പരിപാലനം.

12. കാഴ്ചവൈകല്യമുള്ള യുവതീയുവാക്കൾക്ക് ടാബ്ലെറ്റ്/സ്മാർട്ട് ഫോൺ നൽകുന്ന പദ്ധതി

13. നാല് ജില്ലകളിൽ വികലാംഗക്ഷേമ കോർപ്പറേഷന്റെ പുതിയ ജില്ല/റിജിയണൽ ഓഫീസുകൾ ആരംഭിക്കുന്നതിന് ഭരണാനുമതി

14. കോർപ്പറേഷന്റെ ഉപകരണ നിർമ്മാണ യൂണിറ്റ് വഴി സഹായോപകരണങ്ങൾ നിർമ്മിച്ചു നൽകൽ

സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

സംസ്ഥാനത്തെ അംഗപരിമിതർക്കുള്ള ക്ഷേമത്തിനായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന **അനുയാത്ര** എന്ന പേരിൽ ഒരു നവീന പദ്ധതിയ്ക്ക് ഗവൺമെന്റ് രൂപം നൽകി 2017 ജൂൺ മാസം മുതൽ സംസ്ഥാനത്ത് നടപ്പാക്കി വരുന്നു. അംഗപരിമിത മേഖലയിൽ ഏറ്റെടുക്കേണ്ട പ്രാഥമിക പ്രതിരോധ പ്രവർത്തനങ്ങൾ മുതൽ സുസ്ഥിരമായ പുനരധിവാസം വരെയുള്ള **"സമഗ്ര ജീവിത ചക്ര സമീപനമാണ്"** അനുയാത്രയിൽ സ്വീകരിച്ചിട്ടുള്ളത്. അംഗപരിമിത മേഖലയിലെ അന്താരാഷ്ട്ര [illegible] അനുസൃതമായും 2016-ലെ അംഗപരിമിതരുടെ അവകാശ നിയമത്തിനനുസൃതമായുമാണ് അനുയാത്ര നടപ്പാക്കുന്നത്. അനുയാത്രയുടെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

1. അംഗപരിമിതികൾ പ്രതിരോധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ
2. ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളും റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്ററുകളും
3. നിലവിലുള്ള ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളുടെ ശാക്തീകരണം
4. മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ
5. കാതോരം
6. പ്രത്യേക മേഖലകളിൽ സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ
7. ഹെൽപ്പ് ഡെസ്ക്
8. പ്രോജക്ട് ഓട്ടിസം
9. സ്പെഷ്യൽ അങ്കണവാടികൾ
10. മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ (MCRC)
11. അംഗപരിമിതർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി
12. അംഗപരിമിതർക്കായുള്ള സവിശേഷ തിരിച്ചറിയൽ കാർഡുകളുടെ വിതരണം
13. കറക്ഷൻ സർജറികൾ
14. സ്റ്റുഡന്റ് ഇനിഷ്യേറ്റീവ് ഇൻ കമ്മ്യൂണിറ്റി റീഹാബിലിറ്റേഷൻ
15. ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളും അസിസ്റ്റഡ് ലിവിംഗ് ഹോമുകളും
16. വ്യക്തിഗത പരിപാലന പ്ലാൻ
17. ദേശീയ ശില്പശാല
18. അംഗപരിമിതർക്ക് തൊഴിൽ പരിശീലനത്തിനും സാങ്കേതിക സംവിധാനങ്ങൾക്കുമായി വിദഗ്ധ കേന്ദ്രം
19. വിവര വിദ്യാഭ്യാസ വ്യാപന (IEC) പ്രവർത്തനങ്ങൾ -എംപവർ
20. പരിക്കുകൾ മൂലം ഉണ്ടാവുന്ന അംഗപരിമിതികൾ പ്രതിരോധിക്കാനുള്ള പ്രവർത്തനങ്ങൾ
21. അനുയാത്ര- വി കെയർ ഫിലിം ഫെസ്റ്റിവെൽ ഓൺ ഡിസെബിലിറ്റീസ്

| | |
|---|---|
| (ബി) ഇവർക്കായി 2 ചക്രങ്ങൾ പ്രത്യേകമായി ഘടിപ്പിച്ച സ്കൂട്ടറുകൾ നൽകുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ ; | (ബി) കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ വഴി ഭിന്നശേഷിക്കാരായവർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ, മാനദണ്ഡങ്ങൾക്കു വിധേയമായി വിതരണം ചെയ്യുന്ന പദ്ധതി നിലവിലുണ്ട്.<br><br>ലോക്കോമോട്ടോർ ഡിസബിലിറ്റി ഉള്ളവരുടെ ചലന സ്വാതന്ത്ര്യം ഉറപ്പ് വരുത്താൻ മാത്രമാണ് ഈ പദ്ധതി. മറ്റ് ഒരു വൈകല്യമുള്ളവരേയും ഈ പദ്ധതിയിൽ പരിഗണിക്കുന്നതല്ല.<br><br>യോഗ്യതാമാനദണ്ഡങ്ങളുള്ള വനിതകൾക്കും, എസ്.റ്റി. വിഭാഗത്തിൽപ്പെട്ടവർക്കും ഏറ്റവും പ്രഥമ പരിഗണന. (എസ്.സി. വിഭാഗത്തിനായി പ്രത്യേക പദ്ധതി ഉണ്ട്) |
| (സി) എങ്കിൽ പ്രസ്തുത പദ്ധതിയിൻ കീഴിൽ ആനുകൂല്യം ലഭിക്കുന്നതിന് ഭിന്നശേഷിക്കാരെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (സി) ജില്ലാ സാമൂഹ്യനീതി ഓഫീസർ, ജില്ലാ പഞ്ചായത്ത് മുഖേനയും സി.ഡി.പി.ഒ ബ്ലോക്ക് പഞ്ചായത്ത് മുഖേനയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിച്ച് മുച്ചക്രവാഹനം ഭിന്നശേഷിക്കാർക്ക് വിതരണം ചെയ്യുന്നുണ്ട്. മാനദണ്ഡം ചുവടെ ചേർക്കുന്നു.<br><br>1. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട ആളായിരിക്കണം.<br><br>2. 40% വൈകല്യം തെളിയിക്കുന്നതിന് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ്<br><br>3. ടിയാൾക്ക് വാഹനം ഓടിക്കാൻ കഴിയുമെന്നുള്ള മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ്<br><br>4. വരുമാന പരിധി- ജനറൽ-1 ലക്ഷം, എസ്.സി/എസ്.ടി-2 ലക്ഷം<br><br>താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി സൈഡ് വീൽ ഘടിപ്പിച്ച മോട്ടോറൈസ്ഡ് സ്കൂട്ടർ വികലാംഗക്ഷേമ കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്നു. |

| | |
|---|---|
| | അപേക്ഷകരുടെ എണ്ണം വളരെ കൂടുതലും റിസോഴ്സ് പരിമിതവുമായതിനാൽ ഏറ്റവും അർഹതപ്പെട്ടവർക്ക് മാത്രം സൈഡ് വീൽ സ്കൂട്ടർ ലഭ്യമാക്കുന്നു എന്ന് ഉറപ്പു വരുത്താൻ സുതാര്യമായ മാനദണ്ഡങ്ങളും മുൻഗണനാക്രമവും (Eligibility criteria, Prioritisation criteria) Economics and Planning Affairs ന്റെ സഹായത്തോടെ നിശ്ചയിച്ചിട്ടുണ്ട്.<br>• 18 വയസ്സിന് മുകളിൽ പ്രായം,<br>• 40-ഉം അതിന് മുകളിലും ശതമാനമുള്ള ലോക്കോമോട്ടോർ ഡിസബിലിറ്റി,<br>• ഒരു ലക്ഷത്തിൽ കുറഞ്ഞ വാർഷിക വരുമാനം,<br>• സർക്കാർ ഉദ്യോഗം ഇല്ലാതിരിക്കുക എന്നിവ അടിസ്ഥാന യോഗ്യത (Eligibility criteria) ആയിരിക്കും.<br>• ലോക്കോമോട്ടോർ ഡിസബിലിറ്റി ഉള്ളവരുടെ ചലന സ്വാതന്ത്ര്യം ഉറപ്പ് വരുത്താൻ മാത്രമാണ് ഈ പദ്ധതി. മറ്റ് ഒരു വൈകല്യമുള്ളവരേയും ഈ പദ്ധതിയിൽ പരിഗണിക്കുന്നതല്ല. |
| (ഡി) അപേക്ഷിക്കേണ്ട രീതി ഉൾപ്പെടെ പൂർണ്ണമായ വിശദാംശം കൂടി ലഭ്യമാക്കുമോ? | (ഡി) കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷന്റെ താഴെ കാണുന്ന വെബ്സൈറ്റിൽ നിന്നും അപേക്ഷാ ഫോറം ഡൗൺലോഡ് ചെയ്ത് എടുത്ത് പൂരിപ്പിച്ച് അതിൽ പറയുന്ന മതിയായ രേഖകൾ സഹിതം കോർപ്പറേഷനിലേയ്ക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്<br>(Website: www.hpwc.kerala.gov.in) |

സെക്ഷൻ ഓഫീസർ